"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സൈനിക ക്ഷേമ വകുപ്പ് - മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്ര സായുധ പോലീസ് സേന/ഗ്രെഫ് ക്ഷേമനിധിയിൽ നിന്നും സി.ആർ.പി.എഫ് Constable/DVR (Late) വിഷ്ണു ആർ-ന്റെ ആശ്രിതർക്ക് സാമ്പത്തിക സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.29/2025/SWD തീയതി,തിരുവനന്തപുരം, 31-12-2025

---

പരാമർശം:-
1. സ.ഉ.(കൈ) നം. 450/99/ജി.എ.ഡി., തീയതി, 29.06.1999.
2. സ.ഉ.(കൈ) നം. 434/01/ജി.എ.ഡി., തീയതി, 15.11.2001.
3. സ.ഉ.(കൈ) നം. 14/2012/ജി.എ.ഡി., തീയതി, 17.01.2012.
4. സൈനിക ക്ഷേമ ഡയറക്ടർ ഇൻ-ചാർജ്ജിന്റെ 11.04.2025-ലെ DSW/13/2025-B6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്ര സായുധ പോലീസ് സേന/ഗ്രെഫ് ക്ഷേമനിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായത്തിനായി 23.06.2024-ൽ ഛത്തീസ് ഗഢിലെ സുക്മ ജില്ലയിൽ വെച്ച് ബോംബ് സ്ഫോടനത്തിൽ കൊല്ലപ്പെട്ട 125240379 CRPF Constable/DVR (Late) വിഷ്ണു ആർ -ന്റെ ഭാര്യ ശ്രീമതി നിഖില ജി., ടിയാന്റെ പിതാവ് ശ്രീ. രഘുവരൻ.ജി എന്നിവർ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയും അനുബന്ധരേഖകളും സൈനിക ക്ഷേമ ഡയറക്ടർ ഇൻ-ചാർജ്ജ് ശിപാർശ ചെയ്ത് പരാമർശം 4 പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

ഛത്തീസ് ഗഢിലെ സുക്മ ജില്ലയിൽ വെച്ച് നടന്ന സൈനിക നീക്കത്തിനിടെ കുഴിബോംബ് സ്ഫോടനത്തിലാണ് 23.06.2024 -ൽ 125240379 Constable (Late) വിഷ്ണു.ആർ കൊല്ലപ്പെട്ടത്. ടിയാന്റെ മരണം ഓപ്പറേഷൻ/ഫീൽഡ് ഏര്യായിൽ വച്ച് നടന്നിട്ടുള്ളതും ആട്രിബ്യൂട്ടബിൾ ടു സി.എ.പി.എഫ് സർവ്വീസ് ആണെന്നും സി.ആർ.പി.എഫ്. അധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഛത്തീസ് ഗഢിലെ സുക്മ ജില്ലയിൽ വെച്ച് 23.06.2024 -ന് നടന്ന കുഴിബോംബ് സ്ഫോടനത്തിൽ കൊല്ലപ്പെട്ട സി.ആർ.പി.എഫ് Constable (Late) വിഷ്ണു.ആർ-ന്റെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്ര സായുധ പോലീസ് സേന/ഗ്രെഫ് ക്ഷേമനിധിയിൽ നിന്നും അനുവദനീയമായ അഞ്ച് ലക്ഷം രൂപയിൽ നിന്നും അടിയന്തരധനസഹായമായി അനുവദിച്ച 50,000/- രൂപ കുറച്ച് ബാക്കി 4,50,000/- രൂപയിൽ, (Late) വിഷ്ണു.ആർ-ന്റെ ഭാര്യ ശ്രീമതി നിഖില.ജി-യ്ക്ക് **3,25,000/- രൂപയും**

**(മൂന്ന് ലക്ഷത്തി ഇരുപത്തിഅയ്യായിരം രൂപ മാത്രം)** ടിയാന്റെ പിതാവ് ശ്രീ. രഘുവരൻ.ജി-യ്ക്ക് **1,25,000/- രൂപയും (ഒരു ലക്ഷത്തി ഇരുപത്തിഅയ്യായിരം രൂപ മാത്രം)** അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുഖ്യമന്ത്രിയുടെ പ്രതിരോധ സേന/കേന്ദ്രസായുധ പോലീസ് സേന/ഗ്രെഫ് ക്ഷേമനിധി ഫണ്ടിന്റെ ട്രഷററും മെമ്പറുമായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പ്രസ്തുത തുക ശ്രീമതി നിഖില.ജി-യ്ക്ക് **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നെടുമങ്ങാട് ടൗൺ ശാഖയിലുള്ള അക്കൗണ്ട് നം.20201542083 (IFSC : SBIN0010693)-ലേയ്ക്കും,** ശ്രീ. രഘുവരൻ. ജി-യ്ക്ക് **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വിതുര ശാഖയിലുള്ള അക്കൗണ്ട് നം. 57057531206 (IFSC No: SBIN0070214) -ലേയ്ക്കും** ഇലക്ട്രോണിക് മണി ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

To

1. ധനകാര്യ (ഫണ്ട്സ്) വകുപ്പ്
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
3. ശ്രീമതി നിഖില ജി., അനിഴം ഹൗസ്, ഫാം ജംക്ഷൻ, ചെറ്റച്ചൽ പി.ഒ., വിതുര, തിരുവനന്തപുരം - 695 551.
4. ശ്രീ. രഘുവരൻ ജി., അനിഴം ഹൗസ്, ഫാം ജംക്ഷൻ, ചെറ്റച്ചൽ പി.ഒ., വിതുര, തിരുവനന്തപുരം - 695 551.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
7. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Shailakumari. M
Date: 31-12-2025 17:27:14
സെക്ഷൻ ഓഫീസർ

പകർപ്പ്:

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. സൈനിക ക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്.
3. സൈനിക ക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്.